(സി) പ്രജനന ശൈശവാരോഗ്യ പദ്ധയിൻകീഴിൽ താഴെ പറയുന്ന ഇനങ്ങൾക്ക് ധനസഹായം ലഭിക്കുന്നു. മൈനർ/മേജർ മരാമത്തു പണികൾ, ട്രെയിനിംഗ്, ഉപപദ്ധതികൾക്കുള്ള വാഹനം, ഉപകരണങ്ങൾ, മരുന്നുകൾ, ഐ.ഇ.സി., R79/579 ക്ലിനിക്കുകൾ, അടിയന്തിര പ്രസവശുശ്രൂഷ, നവജാത ശിശു സംരക്ഷണം, സ്ഥാപനങ്ങളുടെ വികസനം, കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ ശമ്പളവും, വാടകയും, എം.ഐ.എസ് (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നഗര ട്രൈബൽ പ്രദേശങ്ങളിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിസ്പോസിബിൾ ഡെലിവറി കിറ്റുകൾ.

137 (1741) ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ പ്രവർത്തനം

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ പ്രവർത്തനം നിലച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബ്ലഡ് കമ്പോണന്റ് യൂണിറ്റിലെ തകരാർ തീർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ജി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെ ബ്ലഡ് കമ്പോണന്റ് യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് യന്ത്രങ്ങൾ ഉള്ളത് വിദേശ നിർമ്മിതവും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. ഇവ രക്ത ബാങ്കിൽ സ്ഥാപിച്ചപ്പോൾ അതിന്റെ റിപ്പയർ സംബന്ധിച്ച് കോൺട്രാക്റ്റിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇല്ലായിരുന്നു. അതിനായി ഇപ്പോൾ നടപടി സ്വീകരിച്ചു വരുന്നു. രണ്ടെണ്ണം ഉള്ളതിൽ ഒന്ന് ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(സി) ഉണ്ട്.

(ഡി) ഈ യന്ത്രത്തിന്റെ സർവ്വീസിംഗ് ഡൽഹിയിലുള്ള കെൻഡ്രോ എന്ന സ്ഥാപനമാണ് നടത്തിയിരുന്നത്. കമ്പനി ഒരു യന്ത്രം റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. രണ്ടാമത്തെ യന്ത്രത്തിന് ചില പാർട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ട്. പ്രസ്തുത ഭാഗങ്ങൾ വാങ്ങി റിപ്പയർ നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കൊല്ലം ജില്ലയിലെ കിളികൊല്ലൂരുള്ള ബാബു എന്ന രോഗി ആരോഗ്യവകുപ്പ് സെക്രട്ടറിക്കും, മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്.

(ജി) രണ്ട് യന്ത്രങ്ങൾ ഉള്ളതിൽ ഒന്നിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. മറ്റേതു പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

138 (1742) സർക്കാർ ആശുപത്രികളിൽ പേ വാർഡിൽ പ്രവേശനം നൽകാൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജ് ആശുപത്രികൾ ഒഴികെ സംസ്ഥാനത്തെ മറ്റൊരു ആശുപത്രിയിലും രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് സംസ്ഥാനത്ത് ഇങ്ങനെയൊരു അവസ്ഥ ഉണ്ടായതെന്നും ഇതിന് കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് പേ വാർഡുകളിൽ പ്രവേശനം നൽകാൻ ഇതേവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഏതാനും ആശുപത്രികളിലെ പേവാർഡുകളിൽ രോഗികൾക്ക് പ്രവേശനം നൽകുന്നില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(സി) പേവാർഡുകളിൽ രോഗികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഇപ്പോൾ ആശുപത്രി സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

139 (1743) ഹെപ്പറ്റൈറ്റിസ് വാക്സിൻ

ശ്രീ. കെ.സി. ജോസഫ് :

ശ്രീമതി രാധാരാഘവൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകിയ കുട്ടികളിൽ നല്ലൊരു ശതമാനത്തോളം കുട്ടികൾക്ക് അത് ഫലപ്രാപ്തിയിലെത്താതിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ഇത്തരം ഹെപ്പറ്റൈറ്റിസ് വാക്സിൻ നൽകുന്ന രോഗികൾക്ക് പ്രതീക്ഷിച്ച തോതിൽ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാറുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly